**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 328** **10-06-2024 - ൽ മറുപടിയ്ക്ക്**

**കാൻസർ കെയർ സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കീഴിൽ രൂപീകരിച്ച കാൻസർ കെയർ സൊസൈറ്റിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കാൻസർ ബാധിതരായവരുടെ ക്ഷേമത്തിനും കാൻസർ രോഗ പ്രതിരോധത്തിനും പ്രാധാന്യം നൽകി ജില്ലയിൽ കാൻസർ രോഗം മൂലം സമൂഹത്തിനും പൗരന്മാർക്കുമുണ്ടാകുന്ന എല്ലാ വിധത്തിലുമുള്ള ആഘാതങ്ങൾ പരമാവധി കുറച്ചു കൊണ്ടു വരിക എന്നതാണ് കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സൺ ആയും ജില്ലാ കലക്ടർ മെമ്പർ സെക്രട്ടറി ആയും ജില്ലാ പഞ്ചായത്ത് സെക്രട്ടറി കൺവീനർ ആയും രൂപീകരിച്ച കോഴിക്കോട് കാൻസർ കെയർ സൊസൈറ്റി (രജിസ്ട്രേഷൻ നം. KKD/CA/2023) എന്ന സ്ഥാപനത്തിന്റെ ലക്ഷ്യം<br><br>(മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷന്റെ ഭാഗമായുള്ള ഉദ്ദേശ ലക്ഷ്യങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു) |
| (ബി) | തെങ്ങിലക്കടവ് കാൻസർ സെന്റർ പ്രസ്തുത സൊസൈറ്റിക്ക് കീഴിൽ പ്രവർത്തിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | കോഴിക്കോട് തെങ്ങിലക്കടവിലുള്ള മാവൂർ കാൻസർ കെയർ സൊസൈറ്റി സ്ഥിതി ചെയ്യുന്ന കണ്ണിപറമ്പ് ദേശത്തിലെ സ്ഥലവും കെട്ടിടവും കോഴിക്കോട് കാൻസർ കെയർ സൊസൈറ്റി ഏറ്റെടുത്തു നടത്താൻ സന്നദ്ധമാണെന്ന് അറിയിച്ച്, കോഴിക്കോട് കാൻസർ കെയർ സൊസൈറ്റി എക്സിക്യൂട്ടിവ് കമ്മറ്റി തീരുമാനിച്ച് ജില്ലാ കലക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

1 72/23 27/1/23

भारतीय गैर न्यायिक

भारत

पचास रुपये रु.50

FIFTY RUPEES Rs.50

सत्यमेव जयते

INDIA

INDIA NON JUDICIAL

കേരളം केरल KERALA

CF 622819

# കോഴിക്കോട് കാൻസർ കെയർ സൊസൈറ്റി

ജില്ലാപഞ്ചായത്ത് കോഴിക്കോട്

സിവിൽസ്റ്റേഷൻ പി.ഒ, കോഴിക്കോട് -673020

## മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷൻ

ഈ സൊസൈറ്റിയുടെ പ്രവർത്തനം പൂർണ്ണമായും 1860 ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് XXI ന് വിധേയമായിരിക്കും

| | | |
|---|---|---|
| 1. പേര് | : | കോഴിക്കോട് കാൻസർ കെയർ സൊസൈറ്റി |
| 2. വിലാസം | : | കോഴിക്കോട് കാൻസർ കെയർ സൊസൈറ്റി<br>കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഓഫീസ്<br>സിവിൽ സ്റ്റേഷൻ പി.ഒ, കോഴിക്കോട്<br>673020, കേരള, ഇന്ത്യ |

Corrns: Nil ✓

No. 41556 RS. 50/-
DATE 21.1.2023
SOLD TO Kozhikode Canser Care Soeciety
HUZUR STAMP VENDOR
KISHOR P.P
CIVILSTATION, CALICUT-20

Vengeri
Kozhikode

16 JAN 2023

ഉദ്ദേശ്യ ലക്ഷ്യങ്ങൾ

| | |
|---|---|
| A | ജാതിമത, രാഷ്ട്രീയ, വർണ്ണ, വർഗ്ഗ, ലിംഗ വ്യത്യാസമില്ലാതെ കോഴിക്കോട് റവന്യുജില്ലയിലെ കാൻസർ രോഗികളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുക. |
| B | പാവപ്പെട്ടവരും അർഹരുമായ കാൻസർ രോഗികൾക്ക് സൗജന്യമായോ, കുറഞ്ഞ നിരക്കിലോ അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കുക. അത്തരക്കാർക്ക് വിദഗ്ദരായ ഡോക്ടർമാരുടെ സേവനവും കിടത്തി ചികിത്സ അടക്കമുള്ള ശുശ്രൂഷയും ചികിത്സയും പരിചരണവും സൗജന്യമായോ സൗജന്യ നിരക്കിലോ ലഭ്യമാക്കുക. |
| C | സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, എസ്.സി/എസ്.ടി വിഭാഗക്കാർ ട്രാൻസ്ജെന്റേർസ് എന്നിവർക്ക് സൗജന്യ ചികിത്സക്ക് മുൻഗണന നൽകുക. |
| D | കോഴിക്കോട് ജില്ലയിൽ ആശുപത്രി, ആരോഗ്യകേന്ദ്രം, ക്ലിനിക്കുകൾ, ആതുര സ്ഥാപനങ്ങൾ, തുടങ്ങിയവ നിർമ്മിക്കുകയോ, ഏറ്റെടുത്ത് നടത്തുകയോ ചെയ്യുക. |
| E | ഇതേ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന കോഴിക്കോട് ജില്ലയിലെ മറ്റ് സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് കാൻസർ രോഗികളുടെ ക്ഷേമവും ശരിയായ ചികിത്സയും ഉറപ്പുവരുത്തുക. ആവശ്യമെങ്കിൽ ഇത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പ് ഏറ്റെടുക്കുക, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക. |
| F | കാൻസർ വ്യാപനം തടയുന്നതിന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. അതിനായി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനാപ്രവർത്തകർ എന്നിവരെ കേന്ദ്രീകരിച്ച് കാൻസർ കെയർ ബ്രിഗേഡ്സ് രൂപീകരിച്ച് പരിശീലനം നൽകുക. |
| G | കുട്ടികളിലെ ലഹരി ഉപയോഗം പൂർണ്ണമായി ഇല്ലാതാക്കാൻ എക്സൈസ്, പോലീസ്, വിദ്യാഭാസം, ആരോഗ്യം തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. |
| H | കാൻസർ ബാധിതരായ അഗതികളെ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത് സ്വന്തമായോ, മറ്റ് സ്ഥാപനങ്ങളുമായോ സമാന മനസ്ക്കരുമായോ ചേർന്ന് നടപ്പിൽ വരുത്തുക. |
| I | കാൻസർ രോഗികൾക്ക് പുനരധിവാസത്തിന് സൗകര്യമൊരുക്കുക. |
| J | കാൻസർ രോഗികൾക്കുള്ള കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധസഹായ പദ്ധതികൾ അർഹരായവരിലേക്കെത്തിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുക. |
| K | സംസ്ഥാനത്തിനകത്തും പുറത്തുമുള്ള കാൻസർ ചികിത്സാകേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് മെച്ചപ്പെട്ട ആധുനീക ചികിത്സകൾക്ക് സൗകര്യമൊരുക്കുക. |
| L | അശാസ്ത്രീയ ചികിത്സകളാൽ ശരിയായ ചികിത്സ ലഭിക്കാൻ കാലതാമസം നേരിടുന്ന സാഹചര്യം ഇല്ലാതാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തി ഈ രംഗത്തെ ചൂഷണം ഇല്ലാതാക്കുക. |
| M | കാൻസർ തുടക്കത്തിൽ തിരിച്ചറിയാനുള്ള മെഡിക്കൽ ക്യാമ്പുകൾ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ തുടർച്ചയായി സംഘടിപ്പിക്കുക, രോഗത്തിന്റെ സ്വയം തിരിച്ചറിയൽ രീതികൾക്ക് വ്യാപകമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക. |
| N | കാൻസർ രോഗത്താൽ മാതാവോ പിതാവോ രണ്ടുപേരുമോ നഷ്ടപ്പെട്ട നിർധനരായ കുട്ടികളുടെ സംരക്ഷണം, വിദ്യാഭ്യാസം തുടങ്ങിയവ ഉറപ്പാക്കുന്നതിന്ന് സൗകര്യം ഒരുക്കുക. |
| O | കാൻസർ രോഗികളുടെ പാലിയേറ്റീവ് പരിചരണത്തിനു സൗകര്യം ഒരുക്കുക. |
| P | കാൻസർ കാരണം അവയവങ്ങൾ മുറിച്ചു മാറ്റിയവർക്ക് ആവശ്യമെങ്കിൽ കൃത്രിമ അവയവങ്ങൾ ഘടിപ്പിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുക. |
| Q | കാൻസർ രോഗികളുടെ മാനസികാരോഗ്യത്തിനും ഉല്ലാസത്തിനുമായി ഓൺലൈൻ/ഓഫ് ലൈൻ കൗൺസിലിംഗ് സൗകര്യങ്ങളും കലാസാംസ്ക്കാരിക പരിപാടികളും വിനോദയാത്രകളും കൂടിച്ചേരലുകളും ആസൂത്രണം ചെയ്യുക. |

ഷീജ ശശി
**ചെയർപേഴ്സൺ**

ഡോ. തേജ് ലോഹിത് റെഡ്ഡി IAS
**മെമ്പർ സെക്രട്ടറി**

ടി അഹമ്മദ് കബീർ
കൺവീനർ



Corms: Nil

| | |
|---|---|
| R | ജില്ലയിലെ കാൻസർ രോഗികളുടെ കൃത്യമായ ഡാറ്റാബാങ്ക് ഉണ്ടാക്കി വർഷാവർഷം പഠനത്തിനു വിധേയമാക്കുക. |
| S | കാൻസർ പ്രതിരോധ പ്രവർത്തനങ്ങളിൽ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഗവണ്മെന്റിതര സംഘടനകൾ (NGOs), സാമൂഹ്യ സംസ്കാരിക സംഘടനകൾ, പൊതുജനങ്ങൾ എന്നിവരുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള ഇടപെടലുകൾ നടത്തുക. |
| T | വിവിധ സ്രോതസ്സുകൾ ഉപയോഗിച്ചുകൊണ്ട് കാൻസർ പ്രതിരോധ, പരിചരണ, ചികിത്സാ സൗകര്യങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. |
| U | കാൻസറുമായി ബന്ധപ്പെട്ട പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും വേണ്ടിയുള്ള പ്രവർത്തനങ്ങൾ സ്വന്തമായോ മറ്റുള്ളവരുമായി സഹകരിച്ചോ നടത്തുക. |
| V | ഇൻഷൂറൻസ് കമ്പനികളുമായി ചേർന്ന് കുറഞ്ഞ പ്രീമിയത്തിലോ സൗജന്യമായോ ജില്ലയിലെ മുഴുവൻ ആളുകൾക്കും കാൻസർരോഗ ചികിത്സാ പരിരക്ഷ ഉറപ്പാക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. |
| W | കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ അംഗീകാരത്തിനു വിധേയമായി സൊസൈറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളോട് പൂർണ്ണമായോ ഭാഗീകമായോ യോജിക്കുന്ന ഇന്ത്യയിലും വിദേശത്തുമുള്ള വ്യക്തികളുമായോ സംഘടനകളുമായോ സഹകരിച്ച് പ്രവർത്തിക്കുക. |
| X | മേൽ പ്രസ്ഥാപിച്ച ഉദ്ദേശങ്ങൾ നിർവ്വഹിക്കുന്നതിന് ഉതകുന്നതോ ബന്ധപ്പെട്ടതോ ആയ മറ്റു കാര്യങ്ങൾ ചെയ്യുക. |

ഷീജ ശശി
**ചെയർപേഴ്സൺ**

ഡോ. തേജ് ലോഹിത് റെഡ്ഡി IAS
**മെമ്പർ സെക്രട്ടറി**

ടി അഹമ്മദ് കബീർ
**കൺവീനർ**

Corms: Nil

03-10-2023 ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ചേമ്പറിൽ ചേർന്ന കാൻസർ കെയർ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് യോഗത്തിൽ പങ്കെടുത്തവരും തീരുമാനങ്ങളും.

ഹാജർ

1. ഷീജ ശശി
2. പി. സുരേന്ദ്രൻ (കോർഡിനേറ്റർ)
3. ഡോ ഷാജി. സി.കെ. ഡി.പി.എം.
4. ഡോ. അഖിലേഷ് കുമാർ ആർദ്രം നോഡൽ ഓഫീസർ i/c
5. AK. Tharuvai.
6. SANADH. B.S
7. J. Muhammed Shafi, Secretary KJP
8. അഡ്വ. പി. ഗവാസ്
9. വി.പി ജമീല
10. Babu. V.
11. Sambhu. സി.കെ. FA ഡി.എം.ഒ(H)
12. [illegible] k FO
13. നാസർ [illegible]
14. T.M. [illegible]

ജില്ലാ പഞ്ചായത്ത് സെക്രട്ടറി യോഗത്തിന് സ്വാഗതം പറഞ്ഞു. പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ യോഗ നടപടികൾ ആരംഭിച്ചു. 29/03/2023 ന് ചേർന്ന വിദഗ്ദ്ധസമിതിയുടെ യോഗ മിനുട്സ് യോഗം ചർച്ച ചെയ്ത് അംഗീകരിച്ചു. യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ താഴെ പറയും പ്രകാരമാണ്.

1. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ കീഴിലുള്ള മാവൂർ കാൻസർ കെയർ സെന്റർ, തെങ്ങിലക്കടവ് എന്ന സ്ഥാപനം ഏറ്റെടുത്ത് നടത്തുന്നതിന് കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കോഴിക്കോട് കാൻസർകെയർ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ്

യോഗം തീരുമാനിക്കുകയും ആയത് സർക്കാരിനെ അറിയിക്കുന്നതിനും തീരുമാനമെടുത്തു.

2. കോഴിക്കോട് കാൻസർ കെയർ സൊസൈറ്റിക്ക് ഒരു ഓഫീസ് സംവിധാനം ജില്ലാ പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് ഒരുക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

3. സൊസൈറ്റിക്കുവേണ്ടി ഒരു വെബ്സൈറ്റും മൊബൈൽ ആപ്ലിക്കേഷനും നിർമ്മിക്കുന്നതിന് തീരുമാനിച്ചു.

4 ജില്ലയിൽ കാൻസർ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് ഒരു സർവ്വേ ഫോറം എക്സ്പേർട്ട് കമ്മിറ്റി കൂടി ആലോചിച്ച് തയ്യാറാക്കാൻ യോഗം നിർദ്ദേശിച്ചു.

5 സൊസൈറ്റിക്കുവേണ്ടി. ചെയർപേഴ്സന്റെയും സെക്രട്ടറിയുടെയും ട്രഷററുടെയും പേരിൽ ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് തീരുമാനമെടുത്തു.

6 സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് ഫണ്ട് സ്വരൂപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

ശേഷമുള്ള നടപടിക്രമങ്ങളോടെ യോഗനടപടികൾ അവസാനിച്ചു.

[signature]
President
District Panchayat
Kozhikode.

1338354/24

DCK/KD/1712/24-L2

കോഴിക്കോട്
**കോഴിക്കോ**
സിവിൽസ്റ്റേ
snehasp

അപേക്ഷ നമ്പർ: കളക്ടറേറ്റ് കോഴിക്കോട്
**രശീതി** തിയതി: 19/1/24
മാന്യരെ,
താങ്കളുടെ അപേക്ഷ കൈപ്പറ്റിയിരിക്കുന്നു തുടർ നടപടികൾ അറിയാൻ
രശീതുമായി......N......സെക്ഷനുമായി ബന്ധപ്പെടുക
ജില്ലാ കളക്ടർക്കുവേണ്ടി

പ്രേഷിതൻ

**ചെയർ**
**കോഴിക്കോ**
പ്രസിഡണ്ട്,
**കോഴിക്കോട് ജ**
**സിവിൽസ്റ്റേഷൻ പി.ഒ കോഴിക്കോട്-672030**

സ്വീകർത്താവ്

**ജില്ലാ കളക്ടർ, കോഴിക്കോട്**

സർ,

**വിഷയം:** മാവൂർ കാൻസർ കെയർ സെന്റർ, തെങ്ങിലക്കടവ് എന്ന സ്ഥാപനം കോഴിക്കോട് കാൻസർ കെയർ സൊസൈറ്റിക്ക് വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ- സംബന്ധിച്ച്

**സൂചന:** 1) സൊസൈറ്റി രജിസ്ട്രേഷൻ നം.KKD/CA/19/2023
2) സൊസൈറ്റിയുടെ മെമ്മൊറാണ്ടം ഓഫ് അസ്സോസിയേഷൻ, നിയമാവലികളിലെ E നമ്പർ ഉദ്ദേശ്യ ലക്ഷ്യം
3) കോഴിക്കോട് കാൻസർ കെയർ സൊസൈറ്റിയുടെ 03.10.2023 തിയ്യതിയിൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനം
4) പ്രസ്തുത സ്ഥലവും ഭൂമിയും ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് 23.03.2022 ന് ബഹു ആരോഗ്യവും വനിതാശിശു വികസനവും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ഓൺലൈനായി ചേർന്ന യോഗത്തിലെ 3-ാം നമ്പർ തീരുമാനം.

മേൽ സൂചനകളിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. സ്നേഹസ്പർശം മാതൃകയിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പുതുതായി രൂപീകരിച്ച ജീവകാരുണ്യ പദ്ധതിയാണ് കോഴിക്കോട് കാൻസർ കെയർ സൊസൈറ്റി. 1860ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് XXI അനുസരിച്ച് സൂചന (1) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഈ സൊസൈറ്റിയുടെ ലക്ഷ്യം കാൻസർ ബാധിതരായവരുടെ ക്ഷേമത്തിനും കാൻസർ രോഗ പ്രതിരോധത്തിനും പ്രാധാന്യം നൽകി ജില്ലയിൽ കാൻസർ രോഗം മൂലം സമൂഹത്തിനും

പൗരൻമാർക്കുമുണ്ടാകുന്ന എല്ലാവിധത്തിലുമുള്ള ആഘാതങ്ങൾ പരമാവധി കുറച്ചു കൊണ്ടുവരിക എന്നതാണ്.

സമ്പൂർണ്ണ കാൻസർ രോഗ പ്രതിരോധവും ചികിത്സാ സഹായങ്ങളും ബോധവൽക്കരണവും സാധ്യമാക്കും വിധം വിവിധ പ്രവർത്തനങ്ങൾ ഈ സൊസൈറ്റിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് തെങ്ങിലക്കടവിലുള്ള മാവൂർ കാൻസർ കെയർ സൊസൈറ്റി സ്ഥിതിചെയ്യുന്ന മാവൂർ പഞ്ചായത്തിൽ കണ്ണിപറമ്പ് ദേശത്തിലെ 128/2, 128/3, 125/5A, 127/2, 127/3,133/3 എന്നീ റി.സ നമ്പറുകളിൽപ്പെട്ട 6.3412 ഏക്കറോളം വരുന്ന ഭൂമിയും കെട്ടിടവും ഇപ്പോൾ ആരും ശ്രദ്ധിക്കാതെ വെറുതെ കിടക്കുകയാണ്. കോഴിക്കോട് ജില്ലാ ഭരണകൂടത്തിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത ഭൂമിയും കെട്ടിടങ്ങളും കോഴിക്കോട് കാൻസർ കെയർ സൊസൈറ്റിക്ക് വിട്ടുകിട്ടുകയാണെങ്കിൽ കാൻസർ രോഗ ചികിത്സാ പ്രതിരോധ പ്രവർത്തനങ്ങളുടെ ഒരു ആസ്ഥാനമായി ജില്ലാപഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ജനങ്ങൾക്കു വേണ്ടി ഉപയോഗിക്കാൻ കോഴിക്കോട് കാൻസർ കെയർ സൊസൈറ്റിക്ക് സൂചന (2) പ്രകാരം കഴിയും എന്നതിനാൽ പ്രസ്തുത ഭൂമിയും കെട്ടിടവും ഏറ്റെടുക്കുന്നതിന് സൂചന (3) പ്രകാരം കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ഭൂമി വിട്ടുകിട്ടിയാൽ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സർക്കാർ അനുമതി പ്രകാരം തുക കണ്ടെത്തിയും സുമനസ്സുകളായ പൊതുജനങ്ങളിൽ നിന്നും വ്യാപാര വ്യവസായ പ്രമുഖരിൽ നിന്നും സംഭാവന സ്വീകരിച്ചും വിവിധ സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ടുകൾ പരമാവധി ഉപയോഗപ്പെടുത്തിയും ജില്ലാ പഞ്ചായത്തിന്റെ കോഴിക്കോട് കാൻസർ കെയർ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ജനങ്ങളിലേക്ക് എത്തിക്കാൻ കഴിയും. ആയതിനാൽ സൂചന (4) ലെ യോഗതീരുമാനം കൂടി പരിശോധിച്ച് മാവൂർ കാൻസർ കെയർ സെന്റർ, തെങ്ങിലക്കടവ് – കോഴിക്കോട് കാൻസർ കെയർ സൊസൈറ്റിക്ക് വിട്ടുനൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**വിശ്വസ്തതയോടെ**

**ഷീജ ശശി**
**ചെയർപേഴ്സൺ**
**കോഴിക്കോട് കാൻസർ കെയർ സൊസൈറ്റി &**
**പ്രസിഡണ്ട്, കോഴിക്കോട് ജില്ലാപഞ്ചായത്ത്**

**ഉള്ളടക്കം: മേൽ സൂചനകളുടെ പകർപ്പുകൾ**

കോഴിക്കോട് കാൻസർ കെയർ സൊസൈറ്റി
Date:....................
★ ജില്ലാപഞ്ചായത്ത് ★